**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിലിവിലുള്ള നിർമ്മാണങ്ങൾ റഗലറൈസ് ചെയ്യുന്നതിനുമുള്ള തടസ്സം നീക്കുന്നതിനായി ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (എ) | 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ മാത്രം തറ വിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലായെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയവ്യവസ്ഥാലംഘനം ക്രമവത്കരിക്കുന്നതിനും കൂടാതെ 21/01/2010ലെ ഹൈക്കോടതി ഉത്തരവിന് ശേഷം 22.08.2019 ലെ സ.ഉ(കൈ).269/2019/റവ ഉത്തരവ് തീയതി വരെ റവന്യൂ വകുപ്പിന്റെ NOCയോടു കൂടി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടി ക്രമവത്കരിക്കുന്ന കാര്യവും നിയമപരമായി പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ